139. ലാൻറ് മാനേജ്മെൻറ് ഇൻസ്ററിററ്യൂട്ടിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതും ഓഫീസർമാർക്കും പുതുതായി നിയമിക്കപ്പെടുന്ന വർക്കുമായി പ്രാരംഭകോഴ്സുകളും കമ്പ്യൂട്ടർ പരിശീലനവും ഏർപ്പെടുത്തുന്നതുമാണ്. ഇതിനുവേണ്ടി എന്റെ ബജററിൽ 15.24 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

140. കേരളാ ലാൻറ് അസ്സൈൻമെൻറ് റൂളുകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതും 1–1–1977–നു മുമ്പ് വനഭൂമി കൈവശം വച്ചിരുന്ന അർഹരായ എല്ലാ കൃഷിക്കാർക്കും പട്ടയം നൽകുന്നതിന് ഒരു തീവ്രപരിപാടി നടപ്പിലാക്കുന്നതുമാണ്. മററു വിഭാഗങ്ങളിൽ പെട്ടവർക്കും ഈ വർഷം ഒരു ലക്ഷം പട്ടയങ്ങൾ വിതരണം ചെയ്യുന്നതാണ്.

## സാമൂഹ്യക്ഷേമം

141. അനാഥാലയങ്ങൾക്കും വൃദ്ധസദനങ്ങൾക്കുമുളള കുടിശ്ശിക ഗ്രാൻറ് കൊടുത്തുതീർക്കുന്നതിന് 3 കോടി രൂപ വകയിരുത്തിയിട്ടുളള വിവരം സന്തോഷപൂർവം അറിയിക്കുന്നു.

142. വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, വാർധക്യകാല പെൻഷൻ എന്നിവയുടെ കുടിശ്ശിക തീർക്കുന്നതിന് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## തൊഴിൽ

143. ആറു മാസത്തിനകം സമഗ്രമായ ഒരു തൊഴിൽ നയം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതാണ്. തൊഴിലാളി യൂണിയനുകൾ, തൊഴിൽ ഉടമകൾ, വിദ്യാഭ്യാസ വിചക്ഷണൻമാർ, മററു വിവിധ മേഖലകളിലെ പ്രഗത്ഭർ എന്നിവരുമായി ചർച്ചകൾ നടത്തും. ഇതിലേക്കായി ഒരു ലക്ഷം രൂപ വകയിരുത്തുന്നു.

144. കൊച്ചിയിലും കോഴിക്കോട്ടും റീജിയണൽ പ്രൊഫഷണൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ ആരംഭിക്കാൻ ടോക്കൺ തുകയായി ഒരു ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

## പ്രവാസി കേരളീയർ

145. പ്രവാസി കേരളീയർക്കായി 'നോർക്കാ'യുടെ ആഭിമുഖ്യത്തിൽ ഡൽഹി കേരളാഹൗസിൽ ആരംഭിക്കുന്ന സെല്ലിന്റെ ഭരണ ചെലവിലേക്കായി 2 ലക്ഷം രൂപ ഉൾപ്പെടുത്തുന്നു.

## പൊതുഭരണം

146. കേന്ദ്രസർക്കാർ പത്രപ്രവർത്തകർക്കായി ഒരു ക്ഷേമനിധി പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പത്രപ്രവർത്തകർക്കും ഒരു ക്ഷേമനിധി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന വിവരം പ്രഖ്യാപിക്കാൻ എനിക്ക് സന്തോഷമുണ്ട്. ഇതിലേക്കായി 5 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു.

147. പുതുതായി രൂപീകരിക്കപ്പെട്ട പാർലമെൻററി കാര്യവകുപ്പിന് 5 ലക്ഷം രൂപ ഞാൻ മാററിവയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

148. വാണിജ്യ നികുതി വകുപ്പിന് തിരുവനന്തപുരത്ത് കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനുവേണ്ടി നാമമാത്ര തുകയായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

149. സംതൃപ്തമായ ഒരു സിവിൽ സർവ്വീസിനു മാത്രമേ സാധാരണക്കാരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുവാൻ കഴിയൂ. ജീവനക്കാരെ വേർതിരിച്ചു കാണുകയും വിവേചനത്തോടെ പെരുമാറുകയും ചെയ്തിരുന്ന കാലഘട്ടം അവസാനിച്ചിരിക്കുന്നു. സ്വതന്ത്രവും നീതിപൂർവ്വകവുമായി കൃത്യനിർവ്വഹണം നടത്താനുള്ള സാഹചര്യമൊരുക്കം. സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നത് ഉൾപ്പെടെയുള്ള സർക്കാരിന്റെ എല്ലാ പ്രവർത്തനങ്ങളിലും ജീവനക്കാരുടെ പരിപൂർണ്ണ സഹകരണം തേടുന്നതാണ്. ജീവനക്കാർക്ക് ലഭിക്കേണ്ടിയിരുന്ന 4 ഗഡു ക്ഷാമബത്ത കുടിശ്ശികയാക്കിയിട്ടാണ് മുൻ ഗവൺമെന്റ് അധികാരമൊഴിഞ്ഞത്. ജീവനക്കാർക്കും പെൻഷൻകാർക്കും അർഹതപ്പെട്ട ആനുകൂല്യങ്ങൾ എത്രയും വേഗം നൽകുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സാമ്പത്തിക പ്രതിസന്ധിക്കെതിരെയുള്ള പോരാട്ടത്തിനിടയിലും ഇതിനു മുൻഗണന നൽകുന്നതാണ്.

## നിയമസഭാസാമാജികരുടെ പ്രത്യേക വികസന ഫണ്ട്

150. സംസ്ഥാനത്ത് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഒരു പുതിയ വികസനപദ്ധതി ആരംഭിക്കുന്ന വിവരം പ്രഖ്യാപിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. പാർലമെന്റ് അംഗങ്ങളുടെ പ്രാദേശിക വികസന സ്കീമിന്റെ മാതൃകയിലായിരിക്കുമിത്. ഓരോ എം.എൽ.എ. യ്ക്കും 25·00 ലക്ഷം രൂപ വീതം മൊത്തം 35·00 കോടി രൂപ ഇതിനു വേണ്ടി വകയിരുത്തുന്നു.

## പൊതു–സ്വകാര്യമേഖലാ പങ്കാളിത്തത്തിലൂടെ മൂലധന നിക്ഷേപം

## സ്വകാര്യ മേഖലയെ പങ്കെടുപ്പിക്കാനുള്ള നിയമനിർമ്മാണം

151. സ്വകാര്യ മേഖല വഴി മുതൽമുടക്ക് സാദ്ധ്യമാക്കുന്നതിന് ഉതകുംവിധം ജനങ്ങൾ മുൻകൈയെടുക്കുന്നതിലൂടെ നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താനാകുമെന്ന് നാം വിശ്വസിക്കുന്നു. പൊതു അടിസ്ഥാനസൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും വ്യാവസായിക വളർച്ചയ്ക്കും സ്വകാര്യമേഖലയുടെ പങ്കാളിത്തം പ്രത്യേകിച്ച് സ്വാഗതം ചെയ്യപ്പെടും.

152. വിവിധ മേഖലകളിൽ കൂടുതൽ മുതൽമുടക്ക് ആകർഷിക്കുന്നതുവഴി സംസ്ഥാനത്തെ മൊത്തം നിക്ഷേപത്തിന്റെ തോത് വർദ്ധിപ്പിക്കാനായിരിക്കും സ്വകാര്യ പങ്കാളിത്തത്തിലൂടെ സർക്കാർ ആദ്യം ലക്ഷ്യമിടുന്നത്. രണ്ടാമതായി, സ്വകാര്യ–പൊതുമേഖലാ പങ്കാളിത്തത്തിലൂടെ പുതിയ ആസ്തികൾ ആർജ്ജിക്കുന്നതിനും പഴയവ മാററിയെടുക്കാനുമുള്ള സർക്കാരിന്റെ കഴിവ്—ഭൗതിക പുനരുദ്ധാരണ പദ്ധതികൾ—നല്ലൊരളവിൽ മെച്ചപ്പെടുത്താനും സാധിക്കും എന്നുള്ളതാണ്. മൂന്നാമത്, ഇങ്ങനെയൊരു പങ്കാളിത്തംമൂലം അടിസ്ഥാന



LIBRARY ARCHIVES Kerala Legislative Assembly

## Social Welfare

141. I am happy to announce an amount of Rs. 3 cr. towards clearing pending arrears of grants to orphanages and old age homes.

142. I am also allocating an amount of Rs. 5 cr. for clearing pending arrears of disabled, widow and old age pensions.

## Labour

143. A comprehensive labour policy will be prepared and published within six months. I am including a provision of Rs. 1 lakh for expenses involved in conducting meetings with trade unions, employers, academicians and people from other walks of life.

144. I am also providing a token amount of Rs. 1 lakh for setting up regional professional employment exchanges at Cochin and Calicut.

## Non-resident Keralites

145. I am also allocating Rs. 2 lakh for the adminstrative expenses of the cell to be set up under the Department of NORKA in Kerala House, New Delhi for non-resident Keralites.

## General administration

146. Government of India has announced a Welfare Fund for Journalists. I am happy to announce that Government intends to start a Welfare Fund for Journalists of the State. I am setting apart an amount of Rs. 5 lakh for this.

147. For the newly created Parliamenary Affairs Department, I intend to set apart Rs. 5 lakh for its expenses.

148. I am setting apart a token provision of Rs. 10 lakh for the construction of an office complex for the Commercial Taxes Department at Thiruvananthapuram.

149. It is only a contented work force in Government that can work for the weal of the common man. We will eschew the policy of dividing and discriminating between sections of emyloyees. They will be given the freedom to work in a fair and impartial environment. We shall enlist the full co-operation of the employees in every action of ours including resolving the financial crisis that we are in today. The previous Government did not pay the arrears of four instalments of D.A. to our employees. We are determined to pay the benefits accruing to our employees and pensioners at the earliest. This shall be a priority for us, even as we battle the financial crisis.

LIBRARY ARCHIVES Kerala Legislative Assembly